**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3089** **04-08-2021 - ല്‍ മറുപടിയ്ക്ക്**

**വ്യാപാരികള്‍ക്ക് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴല്‍നാടന്‍,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. സനീഷ്കുമാര്‍ ജോസഫ്,<br>ശ്രീ. സജീവ് ജോസഫ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ദുരന്തം മൂലം വരുമാനം നഷ്ടപ്പെട്ട കുടുംബത്തിലെ അംഗങ്ങള്‍ക്ക് നഷ്ടപരിഹാരം നല്‍കണമെന്ന് ദുരന്തനിവാരണ നിയമത്തില്‍ വ്യവസ്ഥയുള്ളതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; | (എ) | നിലവിലെ വ്യവസ്ഥ പ്രകാരം ദുരന്തങ്ങള്‍ കാരണം ഉപജീവനമാര്‍ഗ്ഗം നഷ്ടപ്പെട്ടവര്‍ക്ക് സംസ്ഥാന/ ദേശീയ ദുരന്ത പ്രതികരണ നിധിയില്‍ നിന്നും പരിമിതമായ തോതില്‍ ധനസഹായം അനുവദിക്കാനാണ് വ്യവസ്ഥയുള്ളത്. ദുരിതാശ്വാസ ക്യാമ്പുകളില്‍ താമസിക്കാത്ത പ്രായപൂര്‍ത്തിയായവര്‍ക്ക് 60 രൂപയും കുട്ടികള്‍ക്ക് 45 രൂപയും 30 ദിവസം വരെ നല്‍കാം. പരമാവധി 90 ദിവസം വരെ നല്‍കാവുന്നതാണ്. |
| (ബി) | കോവിഡ് പ്രതിസന്ധിയില്‍ വ്യാപാരസ്ഥാപനങ്ങള്‍ അടച്ചിടേണ്ടി വരുന്ന വ്യാപാരികള്‍ക്ക് മേല്‍പ്പറഞ്ഞ വ്യവസ്ഥ അനുസരിച്ച് നഷ്ടപരിഹാരം നല്‍കാന്‍ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | സംസ്ഥാന ദുരന്ത പ്രതികരണ നിധിയില്‍ നിന്നും കേന്ദ്ര സര്‍ക്കാര്‍ മാനദണ്ഡപ്രകാരം നഷ്ടപരിഹാരം നല്‍കാനാവില്ല. ഈ സാഹചര്യം കൂടി കണക്കിലെടുത്താണ് സംസ്ഥാനത്ത് കോവിഡ് പരിശോധന, ചികിത്സ, ഭക്ഷണം, നിരീക്ഷണകേന്ദ്രങ്ങളില്‍ കഴിയുന്നതിനുള്ള സൗകര്യം എന്നിവ സൗജന്യമാക്കിയത്. |
| (സി) | ദുരന്തനിവാരണ നിയമപ്രകാരം നഷ്ടപരിഹാരം നല്‍കുന്നതിന് തീരുമാനിക്കുന്നതിലൂടെ അനാവശ്യ ലോക്ക് ഡൗണ്‍ നിയന്ത്രണങ്ങള്‍ ഒരു പരിധി വരെ ഒഴിവാക്കുന്നതിനും ദുരിതമനുഭവിക്കുന്ന വ്യാപാരികള്‍ക്ക് സഹായം ഉറപ്പാക്കുന്നതിനും സാധിക്കുമെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കില്‍ ഇക്കാര്യത്തില്‍ എന്ത് തുടര്‍നടപടി സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ? | (സി) | ദുരന്ത പ്രതികരണ നിധിയുടെ മനദണ്ഡത്തില്‍ കേന്ദ്രസര്‍ക്കാര്‍ മാറ്റം വരുത്തിയാല്‍ മാത്രമെ നഷ്ടപരിഹാരം നല്‍കാന്‍ കഴിയൂ. |

സെക്ഷന്‍ ഓഫീസര്‍